# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 66**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഒക്ടോബർ 23-ാം തീയതി ഞായറാഴ്ച നാം സഭയായി ക്രിസ്തീയ കുടുംബ ദിനം ആചരിക്കുകയാണ്. കുടുംബം ദൈവത്തിന്റെ അനുഗ്രഹവും മഹത്തായ ദാനവുമത്രെ. ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്നതിന്റെ ആദ്യ പടിയാണ് ക്രിസ്തീയ കുടുംബം. കുടുംബം കുടുംബമായി നമുക്ക് ലഭിച്ചിരിക്കുന്ന കൃപകളെ ഓർത്തു സ്തോത്രം ചെയ്യുവാനും, നമ്മെത്തന്നെ ദൈവ സന്നിധിയിൽ സമർപ്പിക്കുവാനുമായി ഈ ദിവസം ഉപയോഗിക്കാം.

ദൈവരാജ്യത്തിന്റെ ചെറുപതിപ്പാണ് ഓരോ കുടുംബവും. ഈ ഭൂമിയിൽ സ്വർഗ്ഗം യാഥാർത്ഥ്യമാക്കിതീർക്കുവാൻ നിയോഗം ലഭിച്ചവരാണ് ഓരോ കുടുംബവും. പരസ്പര വിശ്വാസം, കരുതൽ, ജീവിത വിശുദ്ധി എന്നിവ അന്യമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ കുടുംബപ്രാർത്ഥന, തിരുവചനപഠനം, ആരാധന എന്നിവയ്ക്ക് വേണ്ട പ്രാധാന്യം നൽകണം. സോഷ്യൽ മീഡിയായുടെ അതിപ്രസരം, വർദ്ധിച്ചുവരുന്ന വിവാഹ മോചനം, അണുകുടുംബം, ഇവയെല്ലാം വ്യക്തിബന്ധങ്ങളെയും കുടുംബബന്ധങ്ങളെയും ശിഥിലമാക്കിക്കൊണ്ടിരിക്കുന്നു. തകർന്നുകൊണ്ടിരിക്കുന്ന കുടുംബങ്ങളെ രക്ഷിക്കുവാനുള്ള ബാദ്ധ്യത സഭയ്ക്കുണ്ട്. കുടുംബ ദിനത്തോട് അനുബന്ധിച്ച് ഒരു കുടുംബദിന ആരാധനക്രമം ഇടവകയിൽ ഉപയോഗിക്കത്തക്കവിധം പ്രസിദ്ധീകരിക്കുന്നുണ്ട്. കുടുംബ ശാക്തീകരണ ശുശ്രൂഷയുടെ ഭാഗമായി ഫാമിലി കൗൺസിലിംഗ്, പ്രിമാരിററൽ കൗൺസിലിംഗ് എന്നിവ ഇടവക ജനങ്ങൾക്ക് ലഭ്യമാകുന്നതിന് കഴിവതും ശ്രമിക്കണം. യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുടെ യാഥാർത്ഥ്യത അനുരഞ്ജനമാണ്, ഒത്തുതീർപ്പല്ല. ആയത് നമ്മുടെ വ്യക്തിബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിലും യാഥാർത്ഥ്യമാകണം. അഭിപ്രായ വ്യത്യാസങ്ങൾ, തർക്കങ്ങൾ, കേസുകൾ ഇവ തീർപ്പാക്കുന്നതിനും സ്നേഹവും സൗഹാർദ്ദവും വർദ്ധിപ്പിക്കുന്നതിലും സഭാജനങ്ങൾ ബോധവാന്മാരാകണം.

“അതുനിമിത്തം ഞാൻ സ്വർഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു” (എഫേസ്യർ 3:14-15). ക്രിസ്തീയ കുടുംബദിനം കുടുംബങ്ങളുടെ പുനഃപ്രതിഷ്ഠയ്ക്കും സമർപ്പണത്തിനും ഉള്ള അവസരമാകണം. അഴിമതി, ആഡംബരം, മദ്യപാനം മുതലായ ദോഷങ്ങൾ വിട്ടൊഴിയുമെന്ന് ഓരോ കുടുംബവും പ്രതിജ്ഞയെടുക്കണം. ആവശ്യത്തിലിരിക്കുന്നവർ, ഏകാന്തത അനുഭവിക്കുന്നവർ മുതലായവർക്ക് സഹായവും സ്നേഹവും നല്കുന്നതിന് ഇടവകയായി പ്രത്യേകം പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണം. ഒക്ടോബർ 23–ാം തീയതി ഞായറാഴ്ച ആരാധനയിൽ കുടുംബമായി ചേർന്നു വന്ന് കർത്തൃമേശയിൽ പങ്കെടുക്കണം. “ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും” എന്ന യോശുവയുടെ പ്രഖ്യാപനം ഓരോ കുടുംബങ്ങളുടെയും പ്രതിജ്ഞയായി സ്വീകരിക്കണം. എല്ലാ കുടുംബങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 സെപ്റ്റംബർ മാസം 21–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# കുടുംബ ഞായർ

## 2022 ഒക്ടോബർ 23

## ആരാധനക്രമം

(അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരത്തോടു കൂടിയത്)

*"സകല ഭൂവാസികളുമായുള്ളോരേ, യഹോവയ്ക്ക് ആർപ്പിടുവിൻ. സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ." (സങ്കീ: 100:1-2)*

**പാട്ട്**

**കൗമ**

## പ്രാരംഭപ്രാർത്ഥന

പ്രപഞ്ചത്തിന്റെയും അതിലെ സകലചരാചരങ്ങളുടെയും സൃഷ്ടാവും പരിപാലകനുമായ പിതാവാം ദൈവമേ, കുടുംബപ്രതിഷ്ഠാദിനമായി ഇന്നേ ദിവസം വേർതിരിക്കുന്നതിനും, കുടുംബം കുടുംബമായി തിരുസന്നിധിയിൽ ഒത്തുചേർന്ന് അങ്ങയെ ആരാധിക്കുവാൻ ലഭിച്ച അവസരത്തിനായും സ്തോത്രം അർപ്പിക്കുന്നു. ദൈവമേ, അങ്ങയുടെ സാദൃശ്യത്തിലും സ്വരൂപ ത്തിലും ഞങ്ങളെ ആണും പെണ്ണുമായി സൃഷ്ടിച്ച് ഭൂമിയിൽ നിയമിച്ച, അങ്ങയുടെ സൃഷ്ടി മാഹാത്മ്യത്തെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു.

ലോകത്തിലെ ഏറ്റവും മഹത്തായ കുടുംബമായി വാഴ്ത്തപ്പെടുന്ന തിരുകുടുംബത്തിനായും, അതിലൂടെ ഞങ്ങൾക്ക് കാട്ടിത്തന്ന മഹനീയമായ മാതൃകകൾക്കായും, പുത്രനാം ദൈവമെ അങ്ങേക്ക് ഞങ്ങൾ സ്തോത്രം അർപ്പിക്കുന്നു.

ഞങ്ങളുടെ അരിഷ്ടതകളിലും സങ്കടങ്ങളിലും ഞങ്ങളെ ചേർത്തു പിടിക്കുകയും, ഞങ്ങളുടെ കുടുംബങ്ങളെ അനുദിനം പരിപോഷിപ്പി ക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവമേ, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു.

കുടുംബജീവിതത്തിലേക്ക് മനുഷ്യരെ വിളിച്ച് അടുപ്പിക്കുകയും, അനുദിനം നവീകരിച്ച് ശക്തീകരിച്ച് വഴിനടത്തുകയും ചെയ്യുന്ന, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവമേ, സ്തുതിയും പുകഴ്ചയും മഹത്വവും ആരാധനയും അങ്ങേയ്ക്കു യോഗ്യമായിരിക്കുന്നു. ആമേൻ.

## അനുതാപ പ്രാർത്ഥന

യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു. ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നെ. അവൻ നമ്മുടെ പാപങ്ങൾക്ക് ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല, നമ്മുടെ അകൃത്യങ്ങൾക്ക് ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല. (സങ്കീ: 103: 8,10)

നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം എന്നും, കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്നുമുള്ള രണ്ടു കൽപ്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്ന യേശുവിന്റെ വാക്കുകളെ ഞാനും എന്റെ കുടുംബവും ഗൗരവമായി കാണാതിരുന്ന കുറവിനെ............

**പ്രതിവാക്യം**: *ദീർഘക്ഷമയും മഹാദയയും ഉള്ളവനായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമെ.*

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല. എന്ന് വചനത്തിലൂടെ ഞങ്ങളെ പഠിപ്പിച്ച ദൈവമേ, ഞങ്ങൾ ഞങ്ങളുടെ തലമുറകൾക്ക് ക്രിസ്തുവിന്റെ വഴികൾ അഭ്യസിപ്പിക്കുന്നതിലും, ആ വഴി മാതൃക ആക്കി കാണിക്കുന്നതിലും പരാജയപ്പെട്ടുപോയി. ഞങ്ങളുടെ ഈ വീഴ്ചയെ..............

*ദീർഘക്ഷമയും മഹാദയയും ഉള്ളവനായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമെ.*

“സ്വർഗ്ഗത്തിലും ഭൂമിയിലും സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവാം ദൈവമേ”, അങ്ങയുടെ സന്നിധിയിൽ കുടുംബമായി കൂടിവന്ന് ആരാധിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും ഞങ്ങൾ കാണിച്ച അലംഭാവത്തെ.................

*ദീർഘക്ഷമയും മഹാദയയും ഉള്ളവനായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമെ.*

## സ്തോത്രപ്രാർത്ഥന

ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മീക വർദ്ധന പ്രാപിച്ചും, നിങ്ങൾക്ക് ഉപദേശിച്ച് തന്നതിന് ഒത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ. (കൊലോ: 2:6,7)

പ്രപഞ്ചം എന്ന മനോഹരമായ ദൈവിക സൃഷ്ടിക്കായും, അതിലെ ശ്രേഷ്ഠവും മനോഹാരിത നിറഞ്ഞതുമായ കുടുംബം എന്ന സ്ഥാപനത്തിനായും, അതിനെ പരിപാലിച്ച് നിലനിർത്തുന്ന ദൈവിക കരുതലിനായും ത്രിത്വമായ ദൈവമെ, അങ്ങേയ്ക്കു സ്തോത്രം.................

ഇത്രത്തോളമെന്നെ കൊണ്ടുവന്നീടുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളു
ഇത്ര നന്മകൾ ഞങ്ങളനുഭവിപ്പാൻ
എന്തുള്ളു യോഗ്യത നിൻ മുമ്പിൽ.

“മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല” എന്ന് കണ്ട്, തക്ക ഇണയായും തുണയായും ഞങ്ങൾക്ക് തക്ക ജീവിത പങ്കാളികളെ നൽകി ഞങ്ങളെ അനുഗ്രഹിച്ചു. കുടുംബവും കുടുംബ ബന്ധങ്ങളും ഞങ്ങൾക്ക് നൽകിയ ത്രിത്വമായ ദൈവമെ അങ്ങേയ്ക്ക് സ്തോത്രം.

ഇത്രത്തോളമെന്നെ കൊണ്ടുവന്നീടുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളു
ഇത്ര നന്മകൾ ഞങ്ങളനുഭവിപ്പാൻ
എന്തുള്ളു യോഗ്യത നിൻ മുമ്പിൽ.

ഞങ്ങളുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, മക്കൾ, ബന്ധുജനങ്ങൾ എല്ലാവരും ചേരുന്ന ഞങ്ങളുടെ കുടുംബത്തിനായും, വിശാലമായ ഞങ്ങളുടെ സമൂഹത്തിലെയും സഭയിലെയും കുടുംബബന്ധങ്ങൾക്കായും അവയെ ധാർമ്മികതയിലും മൂല്യബോധത്തിലും നിലനിൽക്കുവാൻ നിരന്തരം സഹായിക്കുന്ന, ത്രിത്വമായ ദൈവമെ അങ്ങേയ്ക്ക് സ്തോത്രം.....

ഇത്രത്തോളമെന്നെ കൊണ്ടുവന്നീടുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളു
ഇത്ര നന്മകൾ ഞങ്ങളനുഭവിപ്പാൻ
എന്തുള്ളു യോഗ്യത നിൻ മുമ്പിൽ.

## മദ്ധ്യസ്ഥ പ്രാർത്ഥന

യഹോവേ, ഞാൻ നിന്നിൽ ആശ്രയിക്കുന്നു. ഞാൻ ഒരുനാളും ലജ്ജിച്ചു പോകരുതേ. നിന്റെ നീതി നിമിത്തം എന്നെ ഉദ്ധരിച്ചു വിടുവിക്കേണമെ. നിന്റെ ചെവി എങ്കലേക്ക് ചായ്ച്ചു എന്നെ രക്ഷിക്കേണമേ. (സങ്കീ.71: 1-2).

സ്വർഗീയ പിതാവേ, ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ഞങ്ങൾ എല്ലാവരും അവിടുത്തെ മക്കളാകുന്നു. ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന ഞങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.അതുകൊണ്ട് ഞങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നാണ് എന്ന ബോധ്യത്തോടെ പ്രവർത്തിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു..............

*ദൈവമെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ, കുറിയേലായിസ്സോൻ*

മരണംമൂലം ജീവിത പങ്കാളികൾ നഷ്ടപ്പെട്ട് ഏകരായി പാർക്കുന്നവർ, മക്കളില്ലാതെ ഭാരപ്പെടുന്ന ദമ്പതികൾ, വിവാഹ ബന്ധത്തിൽ തകർച്ച നേരിട്ട് ഏകരായി പാർക്കുന്നവർ, അവിവാഹിത ജീവിതം നയിക്കുന്നവർ, തക്കതായ ജീവിത പങ്കാളികളെ ലഭിക്കാതെ ഭാരപ്പെടുന്ന യുവതീയുവാക്കൾ,

ലൈംഗിക ന്യൂനപക്ഷങ്ങൾ, തുടങ്ങി എല്ലാവരും വ്യത്യസ്തമായ രീതിയിൽ ഓരോ കുടുംബങ്ങളുടെ കണ്ണികളാണ് എന്ന അവബോധത്തോടെ എല്ലാവരെയും സ്നേഹിക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു..........................

*ദൈവമെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ, കുറിയേലായിസ്സോൻ.*

“മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ” എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾ, ചെറുപ്രായത്തിൽ വിവിധ തൊഴിലുകളിൽ ഏർപ്പെടേണ്ടി വരുന്ന കുഞ്ഞുങ്ങൾ, എന്നിങ്ങനെ വ്യത്യസ്തമായ രീതിയിൽ പ്രയാസം അനുഭവിക്കേണ്ടിവരുന്ന എല്ലാ കുഞ്ഞുങ്ങൾക്കായും ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു.............

*ദൈവമെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ, കുറിയേലായിസ്സോൻ.*

ഉപരിപഠനത്തിനും ജോലിക്കും ബിസിനസ് ആവശ്യങ്ങൾക്കുമായി വിദൂരതയിൽ പാർക്കുന്നവർ, മദ്യത്തിനും മറ്റ് ലഹരി പദാർത്ഥങ്ങൾക്കും അടിമകളായി തീർന്നവർ, അതിന്റെ ദുരിതം അനുഭവിക്കുന്ന കുടുംബാംഗങ്ങൾ, അഗതി മന്ദിരങ്ങളിൽ പാർക്കുന്ന കുഞ്ഞുങ്ങൾ, വൃദ്ധമാതാപിതാക്കൾ എന്നിവർക്കായും, അവരെ കരുതുന്ന സ്ഥാപനങ്ങൾക്കായും, കുടുംബ ശാക്തീകരണത്തിനായി സഭയായി ചെയ്യുന്ന ശുശ്രൂഷകൾ, കൗൺസിലിംഗ് സെന്ററുകൾ, ഫാമിലി കൗൺസിലർമാർ എന്നിവർക്കായും ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു.........................

*ദൈവമെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ, കുറിയേലായിസ്സോൻ.*

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

സകല ചരാചരങ്ങളുടെയും സൃഷ്ടാവായ ദൈവമെ,- കുടുംബം കുടുംബമായി ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ ചേർന്ന് വന്നിരിക്കുന്നു.-ഈ ആരാധനാ സമൂഹത്തിന്റെ ഭാഗമായിരിക്കുന്ന ഞങ്ങൾ എല്ലാവരും- വ്യത്യസ്ത രീതിയിൽ- ഓരോകുടുംബത്തിന്റെ ഭാഗമാക്കി അവിടുന്ന് ഞങ്ങളെ നിലനിർത്തിയിരിക്കുന്നു എന്ന് ഞങ്ങൾ അറിയുന്നു. ദൈവമേ ഞങ്ങളുടെ കുറവുകൾ ഞങ്ങൾ ഏറ്റുപറയുന്നു. അങ്ങയുടെ സ്ഥാപനമായ കുടുംബത്തിന്റെ പ്രാധാന്യവും പവിത്രതയും തിരിച്ചറിഞ്ഞ്- ഞങ്ങൾ പ്രവർത്തിക്കുമെന്ന് ഒരിക്കൽ കൂടി പ്രതിജ്ഞ ചെയ്യുന്നു.-ആരാധനയ്ക്കും കുടുംബ പ്രാർത്ഥനയ്ക്കും തിരുവചന ധ്യാനത്തിനും-ഞാനും എന്റെ കുടുംബാംഗങ്ങളും കൂടുതൽ ഉത്സുകരാകുമെന്നും-ഞങ്ങൾ ഉറപ്പായി വാഗ്ദത്തം ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേക ദൈവമേ- അവിടുത്തെ കരങ്ങളിൽ ഞങ്ങൾ ഞങ്ങളെയും- ഞങ്ങളുടെ കുടുംബത്തെയും സമർപ്പിച്ചുകൊള്ളുന്നു. ആമേൻ